പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ 5884

08.07.2013 ന് മറുപടിയ്ക്ക്

മലയാളം - ശ്രേഷ്ഠഭാഷ

ചോദ്യം

ശ്രീമതി.ഗീതാ ഗോപി

മറുപടി
ശ്രീ.കെ.സി.ജോസഫ്
ബഹു.ഗ്രാമവികസനവും
ആസൂത്രണവും സാംസ്കാരികകാര്യവും
വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മലയാളം ശ്രേഷ്ഠഭാഷയായി അംഗീകരിച്ചു കിട്ടിയ സാഹചര്യത്തിൽ, തുടർപ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | മലയാളം ശ്രേഷ്ഠ ഭാഷയായതിനെ തുടർന്ന് ഭാഷയുടെ പോഷണത്തിനായി താഴെപ്പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:<br><br>(1) <u>ശ്രേഷ്ഠ ഗ്രന്ഥപരമ്പര:</u> ശ്രേഷ്ഠ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാനും അത് ഡിജിറ്റലൈസ് ചെയ്യാനുമുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 100 ഗ്രന്ഥങ്ങളാണ് ഈ സ്കീമിൽ പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്നത്. മലയാളത്തിലെ ആധികാരിക ഗവേഷണത്തിന് പ്രയോജനപ്പെടുന്ന ക്ലാസിക് ഗ്രന്ഥങ്ങളുടെ ഡിജിറ്റൽ രൂപത്തിലുള്ള 10 ലക്ഷം പേജുകൾ ഇന്റർനെറ്റിലൂടെ ലഭ്യമാക്കും. മലയാളഭാഷയിലെ സാഹിത്യത്തിന്റെ സമഗ്രമായ സാഹിത്യചരിത്രം തയ്യാറാക്കുന്ന പദ്ധതി നടപ്പിലാക്കും.<br><br>(2)<u>എന്റെ കേരളം:പൈതൃക ഗ്രന്ഥപരമ്പര:</u> വാസ്തു വിദ്യ,ഗണിതം തുടങ്ങിയ വിഷയങ്ങളിൽ കേരളത്തിന്റെ വൈജ്ഞാനിക സമ്പത്ത് പ്രതിപാദിക്കുന്ന 30 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>(3)<u>മലയാളത്തനിമ:</u> മലയാള ഭാഷയെ ശാസ്ത്ര സാങ്കേതിക വിദ്യയ്ക്ക് സജ്ജമാക്കുവാൻ 'മലയാളത്തനിമ'യിൽ താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കും:<br>(1)മലയാള അലങ്കാര ഫോണ്ടുകൾ ആവിഷ്കരിക്കും.<br>(2)സ്പെൽചെക്ക്,ഗ്രാമർചെക്ക് സംവിധാനങ്ങൾ ഏർപ്പെടുത്തും.<br>(3)വിവർത്തന മിഷൻ ആവിഷ്കരിക്കും,ഭരണഭാഷ മലയാളമാക്കുന്നതിന് സർക്കാർ ജീവനക്കാർക്ക് പരിശീലനം നൽകാൻ മലയാളം കംപ്യൂട്ടിങ് സെന്റർ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതാണ്.മലയാളികൾ അല്ലാത്ത സിവിൽ സർവ്വീസ് ഉദ്യോഗസ്ഥൻമാരെ മലയാളം പഠിപ്പിക്കുന്ന ദൗത്യം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനുണ്ട്.ഇതിനായി ആധുനിക സങ്കേതത്തോടെ നൂതന സി.ഡി. തയ്യാറാക്കും.<br>ലോകമെമ്പാടുമുള്ള മലയാളികുട്ടികൾക്ക് മലയാളഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയിക്കുന്നതിനുമായി മലയാളം മിഷൻ രൂപീകരിച്ചിട്ടുണ്ട്.പ്രവാസികുട്ടികളെ മലയാളഭാഷ പഠിപ്പിക്കുന്നതിനാവശ്യമായ പാഠപുസ്തകങ്ങളും കൈപുസ്തകങ്ങളും തയ്യാർ ചെയ്യുകയും ഓരോ കോഴ്സും പൂർത്തിയായവർക്ക് പരീക്ഷകൾ നടത്തി സർട്ടിഫിക്കറ്റുകളും മിഷൻ വിതരണം ചെയ്യുന്നുണ്ട്.വിദേശമലയാളി കുട്ടികളെ മലയാളഭാഷ പഠിപ്പിക്കുന്നതിനായി വീഡിയോ കോൺഫറൻസിംഗ് പോലുള്ള നൂതന സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുവാൻ മലയാളം മിഷൻ ലക്ഷ്യമിട്ടിട്ടുണ്ട്.പഠനകേന്ദ്രങ്ങളിലെ അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഭാഷാ അദ്ധ്യാപകരുടെ ഒരു പാനൽ സൃഷ്ടിച്ച് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും മലയാളം മിഷൻ സ്വീകരിച്ചു വരുന്നു. |
| (ബി) | അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ, സർക്കാരിതര സാംസ്കാരിക സംഘടനകളുടെ ഒരു യോഗം വിളിച്ചുചേർക്കാമോ; അതിനുശേഷം തുടർനടപടികൾ ആവിഷ്കരിക്കുവാൻ തയ്യാറാകുമോ? | (ബി) | ഭാഷാ വിദഗ്ധരുമായി 2013 മേയ് 28 ന് നടന്ന യോഗത്തിൽ മലയാളഭാഷയുടെ വികസനത്തിന് ഭാഷയുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു കർമ്മ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ഇതിലേക്ക് മലയാളം സർവ്വകലാശാല വൈസ്ചാൻസലർ ശ്രീ.കെ.ജയകുമാറിനെ ചുമതലപ്പെടുത്തുകയും ആയത് ചിങ്ങം ഒന്നിന് പ്രഖ്യാപിക്കുവാനും തീരുമാനിച്ചിട്ടുണ്ട് |

Sheela N

സെക്ഷൻ ഓഫീസർ